**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5866 — 28.03.2018 ൽ മറുപടിക്ക്

## തളിപ്പറമ്പ് താലൂക്ക് ആശുപത്രി

| | ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയാക്കാനും ഇരിക്കൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയാക്കാനും മുൻ സർക്കാർ തീരുമാനിച്ചിരുന്നോ; | (എ)<br>&<br>(ബി) | മുൻ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തി ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. 16.11.2015 ലെ സ.ഉ.(കൈ) നം.261/15/ആ.കു.വ പ്രകാരം കാഷ്വാലിറ്റി യൂണിറ്റുകൾ ഇല്ലാത്ത 35 താലൂക്കാശുപത്രികളെ കാഷ്വാലിറ്റി യൂണിറ്റുകളുള്ള താലൂക്കാശുപത്രിയായി ഉയർത്തി അതിന്റെ ഭാഗമായി 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പാനൂർ/ഇരിക്കൂർ സി.എച്ച്.സി.കളെയും കാഷ്വാലിറ്റി യൂണിറ്റുകളുള്ള താലൂക്കാശുപത്രികളായി ഉയർത്തി ഇവിടെ 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>നിലവിൽ പദവി ഉയർത്തുക എന്നതല്ല നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടേയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇപ്രകാരം പദ്ധതി പൂർണ്ണ രൂപത്തിൽ നടപ്പിലാക്കുമ്പോൾ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്ക് ആശുപത്രി ഇരിക്കൂർ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ